**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1820** **13-02-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സബോർഡിനേറ്റിന്റെ സ്പെഷ്യൽ റൂൾ പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ സ്റ്റേറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ പരിഷ്കരണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെട്ടുവിക്കുന്നതിനാവശ്യമായ വിജ്ഞാപനത്തിന്റെ കരട് ഭേദഗതികളോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിരുന്നു. എന്നാൽ കേരള ഇൻലാന്റ് വെസ്സൽ റൂൾ 2010 നിഷ്കർഷിക്കുന്ന ബോട്ട് മാസ്റ്റർ ലൈസൻസ് നിലവിൽ കേരള മാരിടൈം ബോർഡ് അനുവദിക്കാത്തതിനാൽ ടി ലൈസൻസ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിൽ നിന്നും ആയത് ഒഴിവാക്കിയും ബോട്ട് മാസ്റ്റർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനും സ്ഥാനക്കയറ്റത്തിനും ബോട്ട് മാസ്റ്റർ ലൈസൻസ് അല്ലെങ്കിൽ സെക്കന്റ് ക്ലാസ് മാസ്റ്റർ ലൈസൻസ് ഉൾപ്പെടുത്തിയും പരിഷകരിച്ച കരട് വിജ്ഞാപനം വീണ്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ടി ഉപദേശം ലഭ്യമായാൽ മാത്രമേ ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത സ്പെഷ്യൽ റൂളിന് പി.എസ്.സി.യുടെ അംഗീകാരം ലഭിച്ചോയെന്ന് വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെട്ടുവിക്കുന്നതിനാവശ്യമായ വിജ്ഞാപനത്തിന്റെ കരട് ഭേദഗതികളോടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിരുന്നു. എന്നാൽ കേരള ഇൻലാന്റ് വെസ്സൽ റൂൾ 2010 നിഷ്കർഷിക്കുന്ന ബോട്ട് മാസ്റ്റർ ലൈസൻസ് നിലവിൽ കേരള മാരിടൈം ബോർഡ് അനുവദിക്കാത്തതിനാൽ ടി ലൈസൻസ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിൽ നിന്നും ആയത് ഒഴിവാക്കിയും ബോട്ട് മാസ്റ്റർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനും സ്ഥാനക്കയറ്റത്തിനും ബോട്ട് മാസ്റ്റർ ലൈസൻസ് അല്ലെങ്കിൽ സെക്കന്റ് ക്ലാസ് മാസ്റ്റർ ലൈസൻസ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയും പരിഷകരിച്ച കരട് വിജ്ഞാപനം വീണ്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ടി ഉപദേശം ലഭ്യമായാൽ മാത്രമേ ഇത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) | സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് ഏതുവർഷമാണ് തയ്യാറാക്കിയതെന്നും; കരട് തയ്യാറാക്കുന്ന സമയത്ത് ജീവനക്കാരുടെ ആവശ്യങ്ങൾ കേട്ടിരുന്നോയെന്നും വ്യക്തമാക്കാമോ; | (സി) | 1999-ലാണ് സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് പ്രാഥമികമായി തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത കരട് തയ്യാറാക്കുന്ന അവസരത്തിൽ വിവിധ തസ്തികകളിലുള്ള ജീവനക്കാരുടെ ആവശ്യങ്ങൾ കേൾക്കുകയും അപേക്ഷകൾ പരിഗണിക്കുകയും ജീവനക്കാരുടേയും സർവ്വീസ് സംഘടനാ പ്രതിനിധികളുടേയും അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | കരട് തയ്യാറാക്കുന്ന സമയത്ത് വകുപ്പിലെ ജീവനക്കാർക്ക് നൽകിയിരുന്ന ലൈസൻസുകൾ ഇപ്പോഴും നിലവിലുണ്ടോയെന്നും ഏതെങ്കിലും ലൈസൻസുകൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (ഡി) | ട്രാവൻകൂർ പബ്ലിക്ക് കനാൽസ് ആന്റ് പബ്ലിക് ഫെറീസ് റൂൾ പ്രകാരം ജീവനക്കാർ കരസ്ഥമാക്കിയിരുന്ന ലൈസൻസുകൾ ഇപ്പോൾ നിലവിലില്ല. കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് 2010 പ്രകാരമുള്ള ലൈസൻസുകളാണ് ഇപ്പോൾ ജലഗതാഗത വകുപ്പിൽ പ്രാബല്യത്തിലുള്ളത്. ആയവ യോഗ്യതയായി ഉൾപ്പെടുത്തിയാണ് സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിന്റെ കരട് പരിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ